**27.02.22 ഓം ശാന്തി അവ്യക്തബാപ്ദാദ മധുബൻ 18-01-1990**

# സ്വയത്തിലും സേവനത്തിലും തീവ്രഗതിയുടെ പരിവർത്തനത്തിന്റെ ഗുഹ്യമായ രഹസ്യം

ഇന്ന് സർവ്വ കുട്ടികളുടെ സ്നേഹി മാതാ പിതാവ് തന്റെ സ്നേഹി കുട്ടികളുടെ സ്നേഹത്താലുള്ള ഹൃദയത്തിന്റെ ശബ്ദവും സ്നേഹത്തിൽ അമൂല്യമായ മുത്തുകളുടെ മാലകൾ കണ്ട്-കണ്ട് കുട്ടിൾക്ക് സ്നേഹത്തിന്റെ റിട്ടേണായി വിശേഷ വരദാനം നല്കുകയായിരുന്നു- സദാ സമീപത്തിരിക്കുന്നവരായി ഭവിക്കട്ടെ, സമാനവും സമർത്ഥരുമായി ഭവിക്കട്ടെ, സദാ സമ്പന്നവും സന്തുഷ്ടവുമായി ഭവിക്കട്ടെ. സർവ്വരുടെയും ഹൃദയത്തിന്റെ സ്നേഹത്തിലൂടെ നിങ്ങളുടെ ഹൃദയത്തിൽ സങ്കല്പം ഉദിക്കുമ്പോൾ തന്നെ ബാപ്ദാദായുടെയടുത്ത് അതി തീവ്രഗതിയിൽ എത്തി ചേരുന്നു. നാല് ഭാഗത്തുമുള്ള ദേശ വിദേശത്തിലെ കുട്ടികൾ ഇന്ന് സ്നേഹത്തിന്റെ സാഗരന്റെ സ്നേഹത്തിൽ ലയിച്ചിരിക്കുന്നു. ബാപ്ദാദ, വിശേഷിച്ച് ബ്രഹ്മാവാകുന്ന അമ്മ കുട്ടികൾക്ക് സ്നേഹത്തിൽ ലയിച്ചിരിക്കുന്നതായി കണ്ട് സ്വയവും കുട്ടികളുടെ സ്നേഹത്തിൽ ലയിച്ചിരിക്കുന്നു. കുട്ടികൾക്കറിയാം ബ്രഹ്മാവാകുന്ന അമ്മയ്ക്ക് കുട്ടികളോട് വിശേഷ സ്നേഹമുണ്ടായിരുന്നു, ഇപ്പോഴും ഉണ്ട്. പാലിക്കുന്ന അമ്മയ്ക്ക് സ്വതവേ വിശേഷ സ്നേഹമുണ്ടായിരിക്കും. അതിനാൽ ഇന്ന് ബ്രഹ്മാവാകുന്ന അമ്മ ഓരോ കുട്ടിയെയും കണ്ട് ഹർഷിതമായിക്കൊണ്ടിരിക്കുന്നു- കുട്ടികളുടെ മനസ്സിൽ, ബുദ്ധിയിൽ, ഹൃദയത്തിൽ, നയനങ്ങളിൽ മാതാ പിതാവല്ലാതെ മറ്റാരുമില്ല. സർവ്വ കുട്ടികളും- ഒരു ബലം ഒരു ആശ്രയത്തിലൂടെ മുന്നോട്ടുയർന്നു കൊണ്ടിരിക്കുന്നു. എവിടെയെങ്കിലും നിന്നുപോകുകയാണെങ്കിലും മാതാ പിതാവിന്റെ സ്നേഹത്തിന്റെ കൈ വീണ്ടും സമർത്ഥമാക്കി മുന്നോട്ടുയർത്തുന്നു.

ഇന്ന് മാതാ പിതാവ് കുട്ടികളുടെ ശ്രേഷ്ഠമായ ഭാഗ്യത്തിന്റെ ഗീതം പാടിക്കൊണ്ടിരിക്കുകയായിരുന്നു കാരണം ഇന്നത്തെ ദിനം വിശേഷിച്ച് സൂര്യനും ചന്ദ്രനും ബാക്ക്ബോണായി(നട്ടെല്ലായി) നക്ഷത്രങ്ങളെ വിശ്വത്തിന്റെ ആകാശത്തിൽ പ്രത്യക്ഷമാക്കുന്നതിന്റെ ദിനമാണ്. യജ്ഞത്തിന്റെ സ്ഥാപനയുടെ ആദിയിൽ ബ്രഹ്മാബാബ കുട്ടികളുടെ മുന്നിൽ തന്റെ സർവ്വതും സമർപ്പിച്ചു അർത്ഥം വിൽ ചെയ്തു. അതേപോലെ ഇന്നത്തെ ദിനത്തിൽ ബ്രഹ്മാബാബ കുട്ടികൾക്ക് സർവ്വ ശക്തികളുടെയും വിൽ ചെയ്തു അർത്ഥം വിൽപവർ നല്കി. ഇന്നത്തെ ദിനം നയനങ്ങളിലൂടെ, സങ്കല്പത്തിലൂടെ ബാബ കുട്ടികൾക്ക് വിശേഷിച്ച് - അച്ഛനെ പ്രത്യക്ഷമാക്കുന്ന മക്കൾ(സൺ ഷോസ് ഫാദർ) - എന്ന വിശേഷ ഉപഹാരം നല്കി. ഇന്നത്തെ ദിവസം ബാബ പ്രത്യക്ഷ സാകാര രൂപത്തിൽ ചെയ്യിക്കുന്നവന്റെ പാർട്ട് അഭിനയിക്കുന്നതിന്റെ പ്രത്യക്ഷ രൂപം കാണിച്ചു. ബ്രഹ്മാബാബയും ഇന്നത്തെ ദിനത്തിൽ പ്രത്യക്ഷ രൂപത്തിൽ ചെയ്യിക്കുന്ന ബാബയുടെ സാഥിയായി, ചെയ്യിക്കുന്നതിന് നിമിത്തമാക്കി, ചെയ്യിപ്പിക്കുന്ന മാതാ പിതാവ് സാഥിയായി. ഇന്നത്തെ ദിനം ബ്രഹ്മാബാബ തന്റെ സേവനത്തിന്റെ രീതിയും ഗതിയും പരിവർത്തനപ്പെടുത്തി. ഇന്നത്തെ ദിവസം വിശേഷിച്ച് ബ്രഹ്മാബാബ ദേഹത്തിൽ നിന്ന് സൂക്ഷ്മ ഫരിസ്ഥാ സ്വരൂപം ധാരണ ചെയ്ത് ഉയർന്ന വതനം, സൂക്ഷ്മ വതന നിവാസിയായി, എന്തിന് വേണ്ടി? കുട്ടികളെ തീവ്രഗതിയിൽ ഉയർത്തുന്നതിന്, കുട്ടികളെ ഫരിസ്ഥ രൂപത്തിലൂടെ ഉയർത്തുന്നതിന്. ഇത്രയും ശ്രേഷ്ഠമായ മഹത്വമുള്ള ദിനമാണ് ഇത്. കേവലം സ്നേഹത്തിന്റെ ദിനം മാത്രമല്ല എന്നാൽ വിശ്വത്തിലെ ആത്മാക്കളുടെ, ബ്രാഹ്മണാത്മാക്കളുടെ സേവനത്തിന്റെ ഗതി പരിവർത്തനം ഡ്രാമയിൽ അടങ്ങിയിട്ടുണ്ടായിരുന്നു, അത് കുട്ടികളും കണ്ടു കൊണ്ടിരിക്കുകയാണ് വിശ്വത്തിലെ ആത്മാക്കളെ പ്രതി ബുദ്ധിവാൻമാരുടെയും ബുദ്ധിവാനായി. ബുദ്ധി പരിവർത്തനപ്പെട്ടു, സമ്പർക്കത്തിൽ വന്ന് സഹയോഗിയായി. ബ്രാഹ്മണാത്മാക്കളിൽ ശ്രേഷ്ഠമായ സങ്കല്പത്തിലൂടെ തീവ്രഗതിയിലൂടെ അഭിവൃദ്ധിയുണ്ടായി. സേവനത്തെ പ്രതി - അച്ഛനെ പ്രത്യക്ഷമാക്കുന്ന മക്കൾ- ഈ ഉപഹാരത്തിലൂടെ തീവ്ര ഗതിയുള്ള സേവനം ആരംഭിച്ചു. ഈ ഗിഫ്റ്റ് സേവനത്തിന്റെ ലിഫ്റ്റായി. പരിവർത്തനം വന്നില്ലേ. ഇപ്പോൾ മുന്നോട്ട് പോകുന്തോറും സേവനത്തിൽ കൂടുതൽ പരിവർത്തനം കാണും.

ഇപ്പോൾ വരെ നിങ്ങൾ ബ്രാഹ്മണാത്മാക്കൾ തന്റെ ശരീരത്തിന്റെയും മനസ്സിന്റെയും പരിശ്രമത്തിലൂടെ പരിപാടികൾ സംഘടിപ്പിക്കുന്നു, സ്റ്റേജ് തയ്യാറാക്കുന്നു, ക്ഷണ പത്രം തയ്യാറാക്കുന്നു, ഏതെങ്കിലും വിഐപിയെ ക്ഷണിക്കുന്നു, റേഡിയോ, ടി വി ക്കാരെ സഹയോഗിയാക്കുന്നു, ധനവും അർപ്പിക്കുന്നു. എന്നാൽ പോകുന്തോറും നിങ്ങൾ സ്വയം വിഐപിയായി മാറും. നിങ്ങളേക്കാൾ വലുതായി മറ്റാരും കാണപ്പെടില്ല. നിർമ്മിക്കപ്പെട്ട സ്റ്റേജിൽ മറ്റുള്ളവർ ക്ഷണിക്കും. തന്റെ ശരീരം, മനസ്സ്, ധനത്തിന്റെ സേവനം സ്വയം ഓഫർ ചെയ്യും. നിങ്ങളോട് അഭ്യർത്ഥിക്കും. നിങ്ങൾ പരിശ്രമിക്കില്ല, അവരുടെയടുത്ത് വരാൻ അവർ നിങ്ങളോട് അഭ്യർത്ഥിക്കും, അപ്പോഴേ പ്രത്യക്ഷതയുടെ ശബ്ദം മുഴങ്ങുകയുള്ളൂ, സർവ്വരുടെയും ശ്രദ്ധ

നിങ്ങൾ കുട്ടികളിലൂടെ ബാബയിലേക്ക് തിരിയും. ഇതിന് അധിക സമയമെടുക്കില്ല. സർവ്വരുടെയും ദൃഷ്ടി ബാബയിലേക്ക് പോകുക അർത്ഥം പ്രത്യക്ഷതയുണ്ടാകുക, ജയാരവത്തിന്റെ മണി നാനാ ഭാഗത്തും മുഴങ്ങും. ഇത് നാടകത്തിലെ അടങ്ങിയിരിക്കുന്ന സൂക്ഷ്മമായ രഹസ്യമാണ്. പ്രത്യക്ഷതയ്ക്ക് ശേഷം അനേകം ആത്മാക്കൾക്ക് പശ്ചാത്താപമുണ്ടാകും. കുട്ടികളുടെ പശ്ചാത്താപം ബാബയ്ക്ക് കാണാൻ സാധിക്കില്ല, അതിനാൽ പരിവർത്തനം ഉണ്ടാകും. ഇപ്പോൾ നിങ്ങൾ ബ്രാഹ്മണാത്മാക്കളുടെ ഉയർന്ന സ്ഥിതി സദാ കാലം നിലനിൽക്കണം. നിങ്ങളുടെ ഉയർന്ന സ്ഥിതി സേവനത്തെ ക്ഷണിച്ചു വരുത്തും. പരിധിയില്ലാത്ത വിശ്വത്തിന്റെ സ്റ്റേജിൽ ജയാരവത്തിന്റെ പാർട്ട് അഭിനയിക്കും. കേട്ടോ. സേവനത്തിന്റെ പരിവർത്തനം.

ബാബ അവ്യക്തമായതിന്റെ പിന്നിൽ ഡ്രാമയിൽ ഗുപ്തമായ രഹസ്യം അടങ്ങിയിരിക്കുന്നു. ചില കുട്ടികൾ ചിന്തിക്കുന്നു– കുറഞ്ഞത് ബ്രഹ്മാബാബയ്ക്ക് പറഞ്ഞിട്ട് പോകാമായിരുന്നല്ലോയെന്ന്. അങ്ങനെയെങ്കിൽ നിങ്ങൾ അനുവദിക്കുമായിരുന്നോ? ഇല്ലല്ലോ. അപ്പോൾ ആര് ബലവാനായി? അനുവാദത്തോടെയാണ് പോയതെങ്കിൽ കർമ്മാതീതമാകാൻ സാധിക്കില്ലായിരുന്നു കാരണം രക്ത ബന്ധത്തേക്കാൾ കോടി മടങ്ങ് കൂടുതൽ ആത്മീയ ബന്ധമാണ്. ബ്രഹ്മാവിന് കർമ്മാതീതമാകണമായിരുന്നു അതോ സ്നേഹത്തിന്റെ ബന്ധനത്തിൽ പോകണമായിരുന്നോ? ബ്രഹ്മാബാബയും പറയുന്നു– ഡ്രാമ കർമ്മാതീതമാകുന്ന ബന്ധനത്തിൽ ബന്ധിച്ചുവെന്ന്. അതും എത്ര സമയത്തിനുള്ളിൽ ബന്ധിച്ചു സമയമുണ്ടായിരുന്നെങ്കിൽ മറ്റ് പാർട്ടും ഉണ്ടായേനേ അതിനാൽ നിമിഷത്തിന്റെ കളിയായി. കുട്ടികളെയും അജ്ഞാതമാക്കി, ബാബയെയും അജ്ഞാതമാക്കി. ഇതിനെയാണ് പറയുന്നത്– ആഹാ ഡ്രാമാ ആഹാ...അങ്ങനെയല്ലേ. ആഹാ ഡ്രാമാ ആഹാ..ആണെങ്കിൽ മറ്റൊരു സങ്കല്പവും ഉണ്ടാകില്ല. വിരാമ ബിന്ദുവിട്ടില്ലേ. ഇല്ലായെങ്കിൽ കുറഞ്ഞത് കുട്ടികൾക്ക് ചോദിക്കാമായിരുന്നു– എന്താണ് സംഭവിച്ചു കൊണ്ടിരിക്കുന്നതെന്ന്. എന്നാൽ അച്ഛനും ശാന്തം, കുട്ടികളും ശാന്തമായിരുന്നു. ഇതിനെയാണ് പറയുന്നത്– ഡ്രാമയുടെ ഫുൾസ്റ്റോപ്പ്. ആ നിമിഷം ഫുൾസ്റ്റോപ്പിട്ടില്ലേ. പിന്നീട് എത്ര തന്നെ ചോദ്യം വന്നാലും ആ നിമിഷമില്ല. അതിനാൽ ആഹാ ഡ്രാമാ..ആഹാ എന്ന് പറയില്ലേ. ബാബാ ബാബാ എന്ന് വിളിച്ചത് പിന്നീടല്ലേ, ആദ്യം വിളിച്ചില്ല. ഡ്രാമയിൽ വിചിത്രമായ ഈ പാർട്ടുണ്ടായിരുന്നു, സംഭവിക്കുക തന്നെ വേണമായിരുന്നു. പരിവർത്തനപ്പെടുന്ന ഡ്രാമ പാർട്ടിനെയും പരിവർത്തനപ്പെടുത്തുന്നു.

ഈ സർവ്വ ടീച്ചേഴ്സും ഭൂരിപക്ഷം അവ്യക്ത രചനയാണ്. സാകാര പാലനയെടുക്കുന്ന ടീച്ചേഴ്സ് വളരെ കുറവാണ്. ഫാസ്റ്റായി ജനിച്ചു കാരണം സങ്കല്പത്തിന്റെ തീവ്രത വളരെ കൂടുതലാണ്. മുഖവംശാവലികളാണ് ആദി രത്നം, നിങ്ങൾ സങ്കല്പത്തിന്റെ വംശാവലി അതിനാൽ ബ്രഹ്മാവിന്റെ രണ്ട് രചനയ്ക്ക് മഹിമയുണ്ട്. ഒന്ന് മുഖവംശാവലി പിന്നെ സങ്കല്പത്തിലൂടെ സൃഷ്ടി രചിച്ചു. ബ്രഹ്മാവിന്റെ രചനയാണ്, അതിനാലാണ് ബി കെ എന്ന് പറയുന്നത്. ശിവകുമാരിയെന്ന് പറയുന്നില്ലല്ലോ. ഡബിൾ വിദേശികളും സർവ്വരും സങ്കല്പത്തിന്റെ രചനകളാണ് അങ്ങനെ തീവ്രഗതിയോടെ സർവ്വ ടീച്ചേഴ്സും മുന്നോട്ടു പൊയ്ക്കൊണ്ടിരിക്കുകയാണല്ലോ? രചന തന്നെ തീവ്രഗതിയിലാണെങ്കിൽ പുരുഷാർത്ഥവും തീവ്രഗതിയിലാകണം. സദാ ചെക്ക് ചെയ്യൂ– സദാ തീവ്ര പുരുഷാർത്ഥിയാണോ അതോ ഇടയ്ക്കിടയ്ക്കാണോ? മനസ്സിലായോ! ഇപ്പോൾ എന്ത്, എന്തു കൊണ്ട്...എന്ന ഗീതം സമാപ്തമാക്കൂ. ആഹാ ആഹാ എന്ന ഗീതം പാടൂ. ശരി.

നാനാ ഭാഗത്തുമുള്ള സർവ്വ സ്നേഹവും ശക്തിയും കൊണ്ട് സമ്പന്നമായ ശ്രേഷ്ഠ ആത്മാക്കൾക്ക്, സദാ ബാബയോടൊപ്പം തീവ്രഗതിയിലൂടെ പരിവർത്തനത്തിന്റെ സാഥിയായ സമീപത്തുള്ള ആത്മാക്കൾക്ക്, സദാ തന്റെ പറക്കുന്ന കലയിലൂടെ അന്യ ആത്മാക്കളെയും പറത്തുന്ന ബന്ധനമുക്തരായ പറക്കുന്ന പക്ഷികളായ ആത്മാക്കൾക്ക്, സദാ അച്ഛനെ പ്രത്യക്ഷമാക്കുന്ന മക്കൾ– എന്ന ഉപഹാരത്തിലൂടെ സ്വയവും സേവനത്തിൽ തീവ്രഗതി കൊണ്ടു വരുന്ന, അങ്ങനെയുള്ള സർവ്വ ലവ്‌ലീനായ കുട്ടികൾക്ക് ഈ മഹത്വമായ ദിനത്തിന്റെ മഹത്വത്തിനോടൊപ്പം മാതാ പിതാവിന്റെ വിശേഷ സ്നേഹ സ്മരണയും നമസ്തേ.

**ഹൂബ്ളി സോണിലെ സഹോദരി സഹോദരൻമാരുമായുള്ള അവ്യക്ത ബാപ്ദാദായുടെ സംഭാഷണം–**
സദാ സ്വയത്തെ ഓരോ ചുവടിലും കോടിമടങ്ങ് സമ്പാദ്യം ശേഖരിക്കുന്ന കോടിമടങ്ങ് ഭാഗ്യശാലിയാണെന്ന് മനസ്സിലാക്കുന്നുണ്ടോ? ഓരോ ചുവടിലും കോടിമടങ്ങ് എന്ന മഹിമ– ആരുടേതാണ്? മുഴുവൻ ദിനത്തിൽ എത്ര മടങ്ങ് സമ്പാദ്യം ഉണ്ടാക്കുന്നു? സംഗമയുഗം വലുതിലും വച്ച് വലിയ സമ്പാദ്യത്തിന്റെ സീസൺന്റെ യുഗമാണ്. അതിനാൽ സീസണിന്റെ സമയത്ത് എന്താണ് ചെയ്യുന്നത്? അത്രയും ശ്രദ്ധ വയ്ക്കുന്നുണ്ടോ? സദാ ഓർമ്മയുണ്ടായിരിക്കണം– ഇപ്പോഴില്ലായെങ്കിൽ പിന്നീടൊരിക്കലുമില്ല. കഴിഞ്ഞു പോയ നിമിഷം തിരിച്ച് വരില്ല. ഒരു നിമിഷം വ്യർത്ഥമാകുക അർത്ഥം എത്ര ചുവട് വ്യർത്ഥമായി? കോടി മടങ്ങ് വ്യർത്ഥമായി. അതിനാൽ ഓരോ നിമിഷം ഈ സ്ലോഗൻ ഓർമ്മിക്കണം– സമയത്തിന്റെ മഹത്വത്തെ

യറിയുന്നവർ സ്വതവേ മഹാനായി മാറുന്നു. സ്വയത്തെയും മനസ്സിലാക്കണം, സമയത്തെയും മനസ്സിലാക്കണം. രണ്ടും വിശേഷമാണ്. ഈ സ്മൃതി ദിനത്തിൽ വിശേഷിച്ച് സദാ സമർത്ഥമാകുന്നതിനുള്ള ശ്രേഷ്ഠ സങ്കൽപമെടുത്തോ? വ്യർത്ഥ സങ്കല്പം, വാക്ക്, സർവ്വ രൂപത്തിലൂടെ വ്യർത്ഥത്തെ സമാപ്തമാക്കുന്നതിനുള്ള ദിനമാണ്. വ്യർത്ഥമെന്ത് സമർത്ഥമെന്ത് എന്ന അറിവ് ലഭിച്ചു, അപ്പോൾ നോളേജ്ഫുൾ ആത്മാവിന് ഒരിക്കലും സമർത്ഥത്തെ ഉപേക്ഷിച്ച് സമർത്ഥത്തിലേക്ക് പോകാൻ സാധിക്കില്ല. എത്ര സമയം സമർത്ഥമാകുന്നുവൊ അത്രയും മറ്റുള്ളവരെയും സമർത്ഥമാക്കാൻ സാധിക്കുന്നു. 63 ജന്മം നഷ്ടപ്പെടുത്തി, സമർത്ഥമാകുന്നതിനുള്ള ഒരു ജന്മമാണിത്. അതിനാൽ ഈ സമയത്തെ വ്യർത്ഥമാക്കരുതല്ലോ. അമൃതവേള മുതൽ രാത്രി വരെ തന്റെ ദിനചര്യയെ ചെക്ക് ചെയ്യൂ. കേവലം രാത്രി മാത്രമല്ല ചാർട്ട് ചെക്ക് ചെയ്യേണ്ടത്, എന്നാൽ ഇടയ്ക്കിടയ്ക്ക് ചെക്ക് ചെയ്യൂ, അടിക്കടി ചെക്ക് ചെയ്യുന്നതിലൂടെ പരിവർത്തനപ്പെടാൻ സാധിക്കും. രാത്രിയാണ് ചെക്ക് ചെയ്യുന്നതെങ്കിൽ വ്യർത്ഥമായതെല്ലാം വ്യർത്ഥത്തിന്റെ കണക്കിൽ തന്നെ പോകും അതിനാൽ ബാപ്ദാദ ഇടയ്ക്കിടയ്ക്ക് ട്രാഫിക്ക് കൺട്രോളിന്റെ സമയം ഫിക്സ് ചെയ്തിരിക്കുന്നു. ട്രാഫിക്ക് കൺട്രോൾ ചെയ്യുന്നുണ്ടോ അതോ ദിനത്തിൽ ബിസിയായിട്ടിരിക്കുന്നുവൊ? നിയമമുണ്ടാക്കണം. സമയം മാറി പോയാലും ശ്രദ്ധയുണ്ടെങ്കിൽ സമ്പാദ്യമുണ്ടാകും.  ആ സമയത്ത് മറ്റെന്തെങ്കിലും ജോലിയുണ്ടെങ്കിൽ അര മണിക്കൂറിന് ശേഷം ചെയ്യൂ, പക്ഷെ ചെയ്യാം. ഘടികാരത്തിന്റെ ആധാരത്തിൽ എന്തിന് ചെയ്യണം. തന്റെ ബുദ്ധി തന്നെ ഘടികാരമാണ്, ദിവ്യ ബുദ്ധിയുടെ ഘടികാരത്തെ ഓർമ്മിക്കൂ. ഏത് കാര്യത്തിന്റെ ശീലമാണോ ഉണ്ടാകുന്നത്, അത് ആഗ്രഹിക്കാതെ തന്നെ അതിന്റെ നേർക്ക് ആകർഷിക്കുന്നു. മോശമായ ശീലം സ്വതവേ അതിന്റെ നേർക്ക് ആകർഷിക്കുന്നു അപ്പോൾ ശ്രേഷ്ഠമായ സംസ്ക്കാരം എന്ത് കൊണ്ട് സ്വന്തമാക്കാൻ സാധിക്കുന്നില്ല. അതിനാൽ സദാ ചെക്ക് ചെയ്യൂ, പരിവർത്തനം കൊണ്ടു വരൂ എങ്കിൽ സദാ കാലത്തേക്ക് സമ്പാദ്യം ശേഖരിക്കപ്പെടും.

2) സദാ സ്വയത്തെ ജ്ഞാനിയാണെന്ന് അനുഭവം ചെയ്യുന്നുണ്ടോ? ജ്ഞാനി ആത്മാവുമാണ് യോഗീ ആത്മാവുമാണ്. ആവശ്യമുള്ള സമയത്ത് ജ്ഞാനിയാകണം, ആവശ്യമുള്ളപ്പോൾ യോഗിയാകണം. അതിനാൽ നിങ്ങളുടെ സ്ലോഗൻ ആണ്– യോഗിയാകൂ, പവിത്രമാകൂ അർത്ഥം ജ്ഞാനിയാകൂ.  മറ്റുള്ളവരെയും ഈ സ്ലോഗൻ ഓർമ്മിപ്പിക്കാറില്ലേ. അതിനാൽ രണ്ട് സ്ഥിതി സെക്കന്റിൽ നേടിയെടുക്കാൻ സാധിക്കുന്നു. യോഗത്തിലിരിക്കാൻ ശ്രമിച്ചു പക്ഷെ ജ്ഞാനത്തിന്റെ കാര്യങ്ങൾ ഓർമ്മ വന്നു– അങ്ങനെയാകരുത്. സെക്കന്റിനേക്കാൾ കുറച്ച് സമയത്തിനുള്ളിൽ ഫുൾസ്റ്റോപ്പിടണം. ഫുൾസ്റ്റോപ്പിടുന്നതിൽ സെക്കന്റ് എങ്കിലും താമസിച്ചുവെങ്കിൽ അപകടം ഉണ്ടാകുന്നു. ഫുൾസ്റ്റോപ്പ് അർത്ഥം ബ്രേക്ക് ശക്തിശാലിയായിരിക്കണം. മനസ്സിനെയും ബുദ്ധിയെയും എവിടെ വയ്ക്കാൻ ആഗ്രഹിക്കുന്നുവൊ അവിടെ ഏകാഗ്രമാക്കാൻ സാധിക്കണം. ഈ മനസ്സ്–ബുദ്ധി–സംസ്ക്കാരം നിങ്ങൾ ആത്മാക്കളുടെ ശക്തികളാണ് അതിനാൽ സദാ ഈ അഭ്യാസം ചെയ്തു കൊണ്ടിരിക്കൂ– ഏത് സമയത്ത്, ഏത് വിധിയിലൂടെ മനസ്സിനെയും ബുദ്ധിയെയും ഏകാഗ്രമാക്കാൻ ആഗ്രഹിച്ചുവൊ  അതേ പോലെ സാധിക്കുന്നുണ്ടോ അതോ സമയമെടുക്കുന്നുണ്ടോ? ചെക്ക് ചെയ്യുന്നുണ്ടോ അതോ മുഴുവൻ ദിവസം കഴിഞ്ഞ് രാത്രിയാണോ ചെക്ക് ചെയ്യുന്നത്? ഇടയ്ക്കിടയ്ക്ക് ചെക്ക് ചെയ്യൂ. ബുദ്ധി വളരെ ബിസിയാകുന്ന സമയത്ത് പരീക്ഷിച്ച് നോക്കൂ– ഇപ്പോളിപ്പോൾ ബുദ്ധിയെ ഈ ഭാഗത്ത് നിന്ന് വിടുവിച്ച് ബാബയിലേക്ക് നയിക്കാൻ ആഗ്രഹിച്ചാൽ സെക്കന്റിൽ സാധിക്കുമോ? സെക്കന്റ് പോലും കൂടുതലാണ്. ഇതിനെയാണ് കൺട്രോളിംഗ് പവർ എന്ന് പറയുന്നത്( നിയന്ത്രിക്കാനുള്ള ശക്തി). കണ്ട്രോളിംഗ് പവർ ഇല്ലാത്തവർക്ക് റൂളിംഗ് പവറിന്റെ അധികാരിയാകാൻ സാധിക്കില്ല. സ്വരാജ്യത്തിന്റെ കണക്കനുസരിച്ച് ഇപ്പോഴും റൂളറാണ്(ഭരിക്കുന്നവർ). സ്വരാജ്യം ലഭിച്ചില്ലേ. ഇന്നത് തന്നെ കാണാൻ പറഞ്ഞാൽ കണ്ണ് മറ്റെന്തെങ്കിലും കാണുന്നുണ്ടോ, ഇന്നത് കേൾക്കരുത് എന്ന് ചെവിയോട് പറഞ്ഞാൽ ചെവി അത് തന്നെ കേൾക്കുന്നുണ്ടോ. ഇതിനെ കൺട്രോളിംഗ് പവർ എന്ന് പറയില്ല. ഒരിക്കലും ഒരു കർമ്മേന്ദ്രിയവും ചതിക്കരുത്– ഇതിനെയാണ് സ്വരാജ്യം എന്ന് പറയുന്നത്. അപ്പോൾ രാജ്യം ഭരിക്കാൻ അറിയാമല്ലോ? രാജാവിനെ പ്രജകൾ അനുസരിക്കുന്നില്ലായെങ്കിൽ അവരെ പേരിന് മാത്രം രാജാവെന്ന് പറയുമോ അതോ കാര്യത്തിന് രാജാവെന്ന് പറയുമോ? ആത്മാവിന്റെ അനാദി സ്വരൂപം തന്നെ രാജാവിന്റേതാണ്, അധികാരിയുടേതാണ്. പിന്നീടാണ് പരതന്ത്രമായത് എന്നാൽ ആദി അനാദി സ്വരൂപം സ്വതന്ത്രമാണ്. അതിനാൽ ആദി അനാദി സ്വരൂപം സ്വതന്ത്രമാണ്. അപ്പോൾ ആദി അനാദി സ്വരൂപം സഹജമായി ഓർമ്മ വരണ്ടേ. സ്വതന്ത്രരല്ലേ അതോ കുറച്ച് കുറച്ച് പരതന്ത്രരാണോ? മനസ്സിന്റെ പോലും ബന്ധനം പാടില്ല. മനസ്സിന്റെ ബന്ധനം ഉണ്ടെങ്കിൽ ഈ ബന്ധനം മറ്റ് ബന്ധനങ്ങളെ കൊണ്ടു വരുന്നു. എത്രയോ ജന്മം ബന്ധനത്തിലായിരുന്നു. ഇപ്പോഴും ബന്ധനം ഇഷ്ടപ്പെടുന്നുണ്ടോ? ബന്ധനമുക്തം അർത്ഥം രാജാവ്, സ്വരാജ്യ അധികാരി കാരണം ബന്ധനം പ്രാപ്തികളെ അനുഭവിക്കാൻ അനുവദിക്കില്ല അതിനാൽ സദാ ബ്രേക്കിനെ ശക്തിശാലിയാക്കി വയ്ക്കൂ എങ്കിലേ അന്തിമത്തിൽ ബഹുമതിയോടെ പാസാകാൻ സാധിക്കുകയുള്ളൂ അർത്ഥം ഫസ്റ്റ് ഡിവിഷനിൽ വരാൻ സാധിക്കൂ. ഫസ്റ്റ് അർത്ഥം

ഫാസ്റ്റ്, പതുക്കെയല്ല. പെട്ടെന്ന് ബ്രേക്ക് ലഭിക്കണം. കയറ്റത്തിലുള്ള മാർഗ്ഗത്തിലൂടെ സഞ്ചരിക്കുമ്പോൾ ആദ്യം ബ്രേക്കാണ് ചെക്ക് ചെയ്യുന്നത്. നിങ്ങൾ എത്ര ഉയരത്തിലേക്കാണ് പോകുന്നത്. അതിനാൽ ബ്രേക്ക് ശക്തിശാലിയാകണ്ടേ. അടിക്കടി ചെക്ക് ചെയ്യൂ. നിങ്ങൾ ബ്രേക്ക് വളരെ നന്നായി ഉണ്ടെന്ന് മനസ്സിലാക്കിയിട്ട് സമയത്ത് ലഭിച്ചില്ലായെങ്കിൽ ചതിവിൽപ്പെടുന്നു. അതിനാൽ അഭ്യസിക്കൂ- സ്റ്റോപ്പ് എന്ന് പറഞ്ഞു സ്റ്റോപ്പായി. തന്ത്ര-മന്ത്ര വിദ്യ അറിയുന്നവർ എന്താണ് ചെയ്യുന്നത്? സിദ്ധി കാണിക്കുന്നു- ഓടുന്ന ട്രെയിനിനെ സ്റ്റോപ്പ് ചെയ്യുന്നു... എന്നാൽ അതിലൂടെ എന്താണ് നേട്ടം! നിങ്ങൾ സങ്കല്പങ്ങളുടെ ട്രാഫിക്കിനെ സ്റ്റോപ്പ് ചെയ്യുന്നു. ഇതിലൂടെ വളരെ നേട്ടങ്ങളുണ്ട്. നിങ്ങളുടേത് വിധിയിലൂടെയുള്ള സിദ്ധിയാണ്, അവരുടേത് രിദ്ധി-സിദ്ധി. അത് അല്പക്കാലത്തേക്കുള്ളതാണ്, ഇത് സദാകാലത്തേക്കും. അതിനാൽ സർവ്വരും നോളേജ്ഫുള്ളായി. രചയിതാവിന്റെയും രചനയുടെയും നോളേജ് ലഭിച്ചു. ലോകത്തിലുള്ളവർ മനസ്സിലാക്കുന്നു- മാതാക്കൾക്ക് എന്ത് ചെയ്യാൻ പറ്റുമെന്ന്. മാതാക്കൾ അസംഭവ്യത്തെ സംഭവ്യമാക്കുന്നു. അങ്ങനെയുള്ള ശക്തികളല്ലേ? ശരി.

**വരദാനം- മറ്റുള്ളവരെ പരാമർശിക്കുന്നതിന് പകരം സ്വയത്തെ പരിവർത്തനം ചെയ്യുന്ന സ്വചിന്തകരായി ഭവിക്കട്ടെ.**

ചില കുട്ടികൾ മുന്നോട്ട് പോകവേ ഈ വലിയ തെറ്റ് ചെയ്യുന്നു- മറ്റുള്ളവരുടെ ജഡ്ജും, തന്റെ വക്കീലുമായി മാറുന്നു. പറയും- ഇവർ ഇത് ചെയ്യാൻ പാടില്ലായിരുന്നു, ഇവർ പരിവർത്തനപ്പെടണം, സ്വയത്തെ പ്രതി പറയും- ഇന്ന കാര്യം വളരെ ശരിയാണ്, ഞാൻ പറയുന്നത് തന്നെയാണ് ശരി. ഇപ്പോൾ മറ്റുള്ളവരെ ഇങ്ങനെ പരാമർശിക്കുന്നതിന് പകരം സ്വയത്തിന്റെ ജഡ്ജാകൂ. സ്വചിന്തകരായി സ്വയത്തെ കാണൂ, സ്വയത്തെ പരിവർത്തനപ്പെടുത്തൂ എങ്കിൽ വിശ്വ പരിവർത്തനമുണ്ടാകും.

**സ്ലോഗൻ- സദാ ഹർഷിതരായിട്ടിരിക്കണമെങ്കിൽ ഓരോ ദൃശ്യത്തെയും സാക്ഷിയായി കാണൂ.**